പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6250 — 10.7.2012 ൽ മറുപടിയ്ക്ക്

## ബുദ്ധിമാന്ദ്യമുള്ള കുട്ടികളുടെ ക്ഷേമത്തിനായി പദ്ധതികൾ

ചോദ്യം

ശ്രീമതി.ഗീതാ ഗോപി

ഉത്തരം

ഡോ.എം.കെ.മുനീർ

(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി)

| | |
|---|---|
| ബുദ്ധിമാന്ദ്യമുള്ള കുട്ടികളുടെ ക്ഷേമത്തിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏതെല്ലാം പദ്ധതികളാണ് സംസ്ഥാനത്ത് ഇപ്പോൾ നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ? | ബുദ്ധിമാന്ദ്യമുള്ള കുട്ടികളുടെ ക്ഷേമത്തിനായി സാമൂഹ്യക്ഷേമ വകുപ്പിൻ കീഴിൽ കോഴിക്കോട് ജില്ലയിൽ എച്ച്.എം.ഡി.സി എന്ന സ്ഥാപനം പ്രവർത്തിച്ചു വരികയും അവർക്ക് സംരക്ഷണവും, ഭക്ഷണവും വസ്ത്രവും നൽകുന്നതോടൊപ്പം, പഠനത്തിനുള്ള കഴിവുള്ളവർക്ക് ആയതിനുള്ള സൗകര്യം ചെയ്തുകൊടുക്കുകയും ചെയ്യുന്നു. ബുദ്ധിമാന്ദ്യമുള്ള കുട്ടികളുടെ സംരക്ഷണത്തിനായി വീടുകളിൽ തന്നെ നിൽക്കുന്ന രക്ഷിതാക്കൾക്കായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന ആശ്വാസ കിരണം പദ്ധതിയിൽ ഉൾപ്പെടുത്തി പ്രതിമാസം 400/- രൂപ വീതം ധനസഹായവും നൽകി വരുന്നുണ്ട്. ബുദ്ധിമാന്ദ്യമുള്ള കുട്ടികൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പിൻ കീഴിൽ കേന്ദ്ര ഗവൺമെന്റ് ഗ്രാന്റോടു കൂടി സ്പെഷ്യൽ സ്കൂളുകൾ പ്രവർത്തിച്ചു വരുന്നു. ബുദ്ധിമാന്ദ്യമുള്ള വിദ്യാർത്ഥികൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും സ്കോളർഷിപ്പ് നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ